# പതിമൂന്നാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ. 2830

15/12/2015-ൽ
മറുപടിയ്ക്ക്

**ജില്ലകളിൽ ഡെപ്യൂട്ടി ഡയറക്ടർ ഓഫീസുകൾ**

**ചോദ്യം**

**മറുപടി**

ശ്രീ.രാജു എബ്രഹാം :

ശ്രീ.പി.കെ.അബ്ദുറബ്ബ്
(വിദ്യാഭ്യാസ വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | കോളേജ് വിദ്യാഭ്യാസ വകുപ്പിനു കീഴിൽ വരുന്ന എയ്ഡഡ് / സർക്കാർ ആർട്സ് ആന്റ് സയൻസ് കോളേജുകളുടെയും ട്രെയിനിംഗ് കോളേജുകളുടെയും പേരും എണ്ണവും ജില്ല തിരിച്ച് വ്യക്തമാക്കുമോ; | (എ) | കോളേജ് വിദ്യാഭ്യാസ വകുപ്പിനു കീഴിൽ വരുന്ന എയ്ഡഡ് / സർക്കാർ ആർട്സ് ആന്റ് സയൻസ് കോളേജുകളുടെയും ട്രെയിനിംഗ് കോളേജുകളുടെയും പേരും എണ്ണവും അനുബന്ധമായി ചേർത്തിട്ടുണ്ട്. |
| (ബി) | ഇപ്പോൾ നിലവിൽ എത്ര റീജിയണൽ ഡെപ്യൂട്ടി ഡയറക്ടറേറ്റുകളാണ് കോളേജ് വിദ്യാഭ്യാസ വകുപ്പിനു കീഴിലുള്ളത്; അവ ഏതൊക്കെ; പ്രസ്തുത റീജിയണൽ ഡെപ്യൂട്ടി ഡയറക്ടറേറ്റുകൾ ആരംഭിച്ച വർഷം ഏതാണ്; ഓരോ റീജിയണൽ ഡെപ്യൂട്ടി ഡയറക്ടറേറ്റുകളും ആരംഭിക്കുമ്പോൾ അതുവരെ ഉണ്ടായിരുന്ന എയ്ഡഡ് ആർട്സ് ആന്റ് സയൻസ് കോളേജുകളുടെയും ട്രെയിനിംഗ് കോളേജുകളുടെയും എണ്ണം ജില്ല തിരിച്ച് വ്യക്തമാക്കുമോ ; ഓരോ റീജിയണൽ ഡെപ്യൂട്ടി ഡയറക്ടറേറ്റുകൾക്കു കീഴിലും വരുന്ന കോളേജുകളുടെ എണ്ണം ജില്ല തിരിച്ച് വ്യക്തമാക്കുമോ; | (ബി) | കൊല്ലം , കോട്ടയം , എറണാകുളം, തൃശ്ശൂർ, കോഴിക്കോട് എന്നീ 5 ഡെപ്യൂട്ടി ഡയറക്ടറേറ്റുകളാണ് നിലവിൽ ഉള്ളത്. പ്രസ്തുത ഡയറക്ടറേറ്റുകൾ 1972 ലാണ് പ്രവർത്തനം ആരംഭിച്ചത്. ഓരോ റീജിയണൽ ഡെപ്യൂട്ടി ഡയറക്ടറേറ്റുകളും ആരംഭിക്കുമ്പോൾ അതുവരെ ഉണ്ടായിരുന്ന എയ്ഡഡ് ആർട്സ് ആന്റ് സയൻസ് കോളേജുകളുടെയും ട്രെയിനിംഗ് കോളേജുകളുടെയും ജില്ല തിരിച്ചുള്ള വിവരം സൂക്ഷിച്ചിട്ടില്ല. |
| (സി) | തിരുവനന്തപുരം ജില്ലയിലെ എയിഡഡ് കോളേജുകളിലെയും ട്രെയിനിംഗ് കോളേജുകളിലേയും ജീവനക്കാരുടെ കാര്യങ്ങൾക്കുമായി കൊല്ലം ഡി.ഡി. യേയും കണ്ണൂർ, കാസർഗോഡ് ജില്ലകളിലെ എയിഡഡ് കോളേജ് ജീവനക്കാർ കോഴിക്കോട് ഡി.ഡി. യേയും ആശ്രയിക്കേണ്ടി വരുന്നത് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; | (സി) | ഉണ്ട്. |
| (ഡി) | എല്ലാ ജില്ലകളിലും ഡെപ്യൂട്ടി ഡയറക്ടർ ഓഫിസുകൾ ആരംഭിച്ചാൽ ജീവനക്കാർക്ക് ഇപ്പോഴുണ്ടാകുന്ന ബുദ്ധിമുട്ട് ഒഴിവാക്കാൻ കഴിയുകയില്ലേയെന്നത് | (ഡി) | എല്ലാ ജില്ലകളിലും ഡെപ്യൂട്ടി ഡയറക്ടർ ഓഫിസുകൾ ആരംഭിക്കുന്നത് സംബന്ധിച്ച് പ്രൊപ്പോസലുകൾ ഇപ്പോൾ പരിഗണനയിലില്ല. |

| | | | |
|---|---|---|---|
| . | പരിശോധിച്ചിട്ടുണ്ടോ; | | |
| (ഇ) | നേരത്തെ ജില്ലകളിൽ കോളേജ് വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടറുടെ ആഫീസുകൾ ആരംഭിയ്ക്കാനെടുത്ത തീരുമാനം നടപ്പാക്കാതെ പോയതിന്റെ കാരണം വ്യക്തമാക്കുമോ; ജില്ലകളിൽ ഡെപ്യൂട്ടി ഡയറക്ടറാഫീസ് തുറക്കുന്നതിനോ അതിന് കഴിയാത്ത സാഹചര്യത്തിൽ കണ്ണൂർ കേന്ദ്രീകരിച്ച് ഒരു പുതിയ റീജിയണൽ ഡെപ്യൂട്ടി ഡയറക്ടറാഫീസ് ആരംഭിയ്ക്കുന്നതിനോ നടപടി സ്വീകരിക്കുമോ? | (ഇ) | 2011 ൽ ഇതു സംബന്ധിച്ച് പ്രൊപ്പോസൽ സർക്കാർ പരിശോധിക്കുകയും കേരള സ്റ്റേറ്റ് IT മിഷന്റെ സഹായത്തോടുകൂടി Integrated Web based E-Governance Solution മുഖേന ഭരണപരമായ കാര്യങ്ങളിൽ നടപടി സ്വീകരിക്കേണ്ടതാണെന്ന് കോളേജ് വിദ്യാഭ്യാസ ഡയറക്ടർക്ക് നിർദ്ദേശം നൽകുകയുമുണ്ടായി. പുതിയതായി കണ്ണൂർ കേന്ദ്രീകരിച്ച് ഡെപ്യൂട്ടി ഡയറക്ടറാഫീസ് ആരംഭിയ്ക്കുന്ന വിഷയം സർക്കാർ പരിഗണനയിൽ ഇല്ല. |

**സെക്ഷൻ ഓഫീസർ**